പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

ഗ്രാമവികസനവകുപ്പ് പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3229

29.01.2014 ൽ മറുപടിക്ക്

ചോദ്യം. | ഉത്തരം.

| ശ്രീ. സി. ദിവാകരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമവികസന വകുപ്പുവഴി പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; | (എ) | നബാർഡ് പ്രവൃത്തികൾ സംസ്ഥാന അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. (State Level Empowered Committee)പ്രവൃത്തിക്കുന്നു. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടമെന്റ് · നബാർഡ് സഹായം ലഭിക്കുന്ന വകുപ്പുകൾക്ക് അവരുടെ വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും വാങ്ങി സർക്കാരിന്റെ അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ ഗ്രാമവികസന വകുപ്പിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികൾക്ക് താഴെതലത്തിൽ നിർവ്വഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. 16.03.2007 ലെ സർക്കാർ ഉത്തരവ് (പി)നം.112/2007/ധ.വ. പ്രകാരം എം.എൽ.എ-മാരുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും ആർ.ഐ.ഡി.എഫ്. സംസ്ഥാന വിഹിതം (20%) വഹിച്ചുകൊള്ളാമെന്ന് തീരുമാനം കൈകൊണ്ടിട്ടുള്ള പ്രവൃത്തികളുടെ കരാർ ഒപ്പിട്ടു കഴിഞ്ഞാൽ എം.എൽ.എ.യുടെ പ്രത്യേക വികസന |

| | | | |
|---|---|---|---|
| | | | ഫണ്ടിൽ നിന്നുള്ള വിഹിതം പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. പ്രവൃത്തിയുടെ ബ്ലോക്ക് ലെവൽ മോണിറ്ററിംഗ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, എ.ഇ., ഓവർസിയർ എന്നിവരുടെ നേതൃത്വത്തിലും ജില്ലാതല മോണിറ്ററിംഗ് പ്രോജക്ട് ഡയറക്ടറും അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ ജനറലും നിർവ്വഹിക്കുന്നു.<br>ഗ്രാമവികസന കമ്മീഷണർ നിലവിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നോഡൽ ഓഫീസറായി പ്രവൃത്തിക്കുന്നു. ഈ മൂന്ന് തലത്തിലേയും പ്രോജക്ട് നിർദ്ദേശങ്ങൾ ശേഖരിക്കുകയും സർക്കാർ അനുമതി, ലോൺ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നത് കമ്മീഷണറേറ്റ് വഴിയാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുള്ള റോഡ് പ്രവൃത്തികളൊന്നുമില്ല. |

Sheeja

സെക്ഷൻ ഓഫീസർ